**മുജീബ്**

# മതത്തെക്കുറിച്ച വികല സങ്കൽപം?

? ? ? ? ? ? ? ? ? ? ? ? ? ? ? ?

■ *വിവിധ മതഗ്രന്ഥങ്ങളിലെ ദൈവങ്ങളെയും അവതാരങ്ങളെയും കുറിച്ചു വായിച്ചപ്പോൾ പാവപ്പെട്ടവന്റെ പക്ഷംനിന്നു പ്രായോഗികമായി ചിന്തിച്ച, കാര്യകാരണസഹിതം സമർഥിച്ച, സമ്പന്നന് രക്ഷപ്പെടാൻ ഒരു പഴുതുപോലും നൽകാതെ കാർക്കശ്യത്തോടെ ധർമം നടപ്പാക്കുന്ന നീതിമാനും ദയാലുവുമായ ഒരു ദൈവ(സങ്കൽപത്തിനനുയോജ്യമായ)ത്തെ ദർശിച്ചത് കാൾ മാർക്സിലാണ്.*

*ഒരു മതപഠനവുമില്ലാതെ ഹിന്ദുകുട്ടികൾ വളർന്നു വലുതാവുമ്പോൾ, തികഞ്ഞ സഹിഷ്ണുതയോടെ, ഉയർന്ന മൂല്യബോധത്തോടെ കുടുംബ സാമൂഹിക ജീവിതം നയിക്കുന്നതുകാണുമ്പോൾ മുസ്‌ലിം-ക്രൈസ്തവ കുട്ടികളുടെ മതപഠനത്തിനെന്തുപ്രസക്തി എന്നു തോന്നാറുണ്ട്. സെമിറ്റിക് മതങ്ങൾ തകരച്ചെണ്ടകളാണ്.*

*ഇറാഖിൽ സദ്ദാംഹുസൈനെ തൂക്കിലേറ്റിയപ്പോൾ സോളിഡാരിറ്റിയും ജമാഅത്തുമൊക്കെ പ്രതിഷേധ പ്രകടനങ്ങളും പോസ്റ്ററൊട്ടിക്കലും നടത്തി. നമ്മുടെ തൊട്ടയൽ രാജ്യത്തെ ഒരു മുസ്‌ലിം വനിത നിഷ്ഠുരമായി കൊല്ലപ്പെട്ടപ്പോൾ അത്തരം പ്രതികരണങ്ങൾ പുരോഗമന, ഉൽപതിഷ്ണു സംഘടനകളെന്നവകാശപ്പെടുന്നവരിൽ നിന്നുപോലും ഉണ്ടായില്ല. ഒരു വനിത അധികാരത്തിലേക്ക് വരുന്നതിൽ എതിർപ്പുള്ളതിനാലല്ലേ ഈ മൗനം? ഇസ്‌ലാം പുരുഷകേന്ദ്രീകൃത മതമാണെന്ന ആരോപണത്തിന് ശക്തിപകരുന്നു ഈ നിലപാട്. സ്ത്രീ അധികാരത്തിൽ വരുന്നത് ലോകാവസാനത്തിന്റെ അടയാളമായതിനാൽ അവരെ കൊന്ന് ഖിയാമത്ത്നാൾ നീട്ടിവെച്ചതായിരിക്കും എന്നും കേൾക്കുന്നു?!*

*പൊതുവായനയിൽ കിട്ടുന്ന ഇത്തരം വീക്ഷണങ്ങൾ ഒരു പ്രബോധകനെ വല്ലാതെ കുഴക്കുന്നു. എന്താണ് മറുപടി?*

***അഫ്നാൻ കവ്വായി***

**മ**നുഷ്യ സമൂഹത്തെ സമ്പത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരമായി വർഗീകരിക്കുകയും വർഗസമരത്തെ പ്രത്യയശാസ്ത്രത്തിന് അടിസ്ഥാനമാക്കുകയും ലക്ഷ്യം നേടാൻ രക്തച്ചൊരിച്ചിൽ പവിത്രമാർഗമായി പ്രഖ്യാപിക്കുകയും ചെയ്ത മനുഷ്യനാണ് കാൾമാർക്സ്. ജനലക്ഷങ്ങളെ കുരുതികൊടുത്താണ് റഷ്യയിലും ചീനയിലും ലാറ്റിനമേരിക്കയിലുമെല്ലാം മാർക്സിസം അധികാരം പിടിച്ചെടുത്തത്. പിടിച്ചെടുത്ത അധികാരം നിലനിർത്താൻ അതിക്രൂരമായ അടിച്ചമർത്തലും ബലപ്രയോഗവുമായിരുന്നു സ്റ്റാലിനും മാവോയും അടക്കമുള്ളവർ കാഴ്ചവെച്ചത്. ഇന്നും മാവോയിസ്റ്റുകൾ ജനാധിപത്യ ഇന്ത്യയുടെ പോലും സ്വൈര്യം കെടുത്തുന്നു. ഇതിനൊക്കെയും ഉത്തരവാദിയായ ഒരു കേവലഭൗതികവാദിയിൽ കാരുണ്യവാനായ ദൈവത്തെ ദർശിക്കണമെങ്കിൽ ചിന്തക്ക് അസാമാന്യമായ വൈകല്യം തന്നെ വേണം. മറിച്ച് മനുഷ്യർക്കിടയിൽ വംശ, വർണ, ദേശ, ഭാഷ, ഗോത്ര, സാമ്പത്തിക പരിഗണനകളൊന്നും കൂടാതെ തികഞ്ഞ സമത്വവും സാഹോദര്യവും സാമൂഹിക നീതിയും പുലരണമെന്നും സമ്പത്ത് ദൈവദത്തമായ സൂക്ഷിപ്പുമുതലാണെന്നും ഇല്ലാത്തവർക്കതിൽ അവകാശമുണ്ടെന്നും സമ്പത്ത് സമ്പന്നർക്കിടയിൽമാത്രം കറങ്ങേണ്ടതല്ലെന്നും ഉദ്ഘോഷിച്ച കരുണാവാരിധിയായ അല്ലാഹുവിനെ ദയാലുവായി കാണാൻ ഇയാൾക്ക് സാധിക്കുന്നുമില്ല. വിശ്വാസികളോടും അവിശ്വാസികളോടും ഒരുപോലെ കരുണ കാണിക്കുന്നവൻ എന്നർഥമുള്ള 'റഹ്മാൻ' അല്ലാഹുവിന്റെ ഏറ്റവും പ്രിയങ്കരമായ നാമങ്ങളിലൊന്നാണ്. മഹാപാപിയുടെ പോലും പശ്ചാത്താപം സ്വീകരിക്കാൻ മാത്രം വിശാലഹൃദയനാണവൻ. കൊടും ധിക്കാരികളായ ഭരണാധികാരികളെയും സുഖലോലുപരായ പ്രമാണിമാരെയും നിഷ്കരുണം പിടികൂടി അടിച്ചമർത്തപ്പെട്ട ദുർബല വിഭാഗങ്ങളെ തൽസ്ഥാനത്ത് അവരോധിക്കുന്നവനാണ് സർവശക്തനായ അല്ലാഹു എന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇതൊന്നും കാണാതെയും പഠിക്കാതെയും ഏത് മതത്തെക്കുറിച്ചാണ് ചോദ്യകർത്താവ് ഉദ്ധരിച്ച ബുദ്ധിജീവി സംസാരിക്കുന്നതെന്ന് വ്യക്തമല്ല.

ഒരു മതപഠനവുമില്ലാതെ വളരുന്ന ഹിന്ദുകുട്ടികളൊക്കെ സഹിഷ്ണുക്കളും ഉയർന്ന മൂല്യബോധവുമുള്ളവരുമാണെന്നും മതപഠനം നടത്തുന്ന മുസ്‌ലിം ക്രൈസ്തവ കുട്ടികൾക്കൊന്നും മൂല്യബോധമില്ലെന്നുമുള്ള സാമാന്യവൽക്കരണം മറ്റൊരു വികല കാഴ്ചപ്പാടാണ്. സഹിഷ്ണുക്കളും മൂല്യബോധവുമുള്ളവരും എല്ലാ മതസമൂഹങ്ങളിലുമുണ്ട്, അസഹിഷ്ണുക്കളും മൂല്യനിരാസികളുമുണ്ട് വേണ്ടത്ര. ഇന്ത്യയിലെ ദശലക്ഷക്കണക്കിന് ആർ.എസ്.എസ്, വി.എച്ച്.പി, ബജ്റംഗ്ദൾ പ്രവർത്തകരായ യുവാക്കളുടെ മേൽ സഹിഷ്ണുത പതിച്ചു നൽകാൻ പോയാൽ അവർ പോലും പ്രതിഷേധിച്ചുകളയുമെന്ന് പേടിക്കണം. ഇപ്പോൾ മുംബൈയിൽ ഉത്തരേന്ത്യക്കാർക്കെതിരെ നടക്കുന്ന കലാപവും അതിക്രമങ്ങളും മുസ്‌ലിംകളോ ക്രൈസ്തവരോ നടത്തുന്നതാണോ? ഗുജറാത്തിൽ മുസ്‌ലിംകളെയും ഒറീസയിൽ ക്രൈസ്തവരെയും കൊന്നൊടുക്കാനും നശിപ്പിക്കാനും തുനിഞ്ഞിറങ്ങിയവരൊന്നും ഹിന്ദുക്കളല്ലെന്നാണോ? ഹൈന്ദവ സമൂഹത്തിലെതന്നെ പട്ടികജാതി-പട്ടികവർഗ ദലിത് വിഭാഗങ്ങളെ സമാന്യ മനുഷ്യരായി പോലും അംഗീകരിക്കാത്തവർ ആരാണ്? മതപഠനം ശാസ്ത്രീയമായും കാര്യക്ഷമമായും ലഭിക്കുന്നവർ അസഹിഷ്ണുക്കളും മൂല്യബോധമില്ലാത്തവരും ആയി വളരാനുള്ള സാധ്യത താരതമ്യേന കുറവാണ്. വെറും വഴിപാടായി മാറിയ അശാസ്ത്രീയ മതപഠനത്തിന് ലക്ഷ്യം കാണാനാവില്ലെന്നത് മറ്റൊരു കാര്യമാണ്.

സ്ത്രീക്ക് ഇസ്‌ലാം തുല്യനീതിയും മാന്യമായ പദവിയും ഉറപ്പുവരുത്തിയിട്ടുണ്ട്. പാകിസ്താൻ ഒരു മാതൃകാ ഇസ്‌ലാമിക രാഷ്ട്രമല്ല. അവിടെ പോലും 1964-ൽ ജനറൽ അയ്യൂബ്ഖാനെതിരെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള പാർട്ടികൾ ഫാത്തിമാ ജിന്നയെ പിന്താങ്ങുകയായിരുന്നു. ബേനസീർ ഭുട്ടോയുടെ ദുരന്തം തീർത്തും നിർഭാഗ്യകരമായിരിക്കെത്തന്നെ, അവരുടെയും പാർട്ടിയുടെയും സാമ്രാജ്യത്വദാസ്യ നിലപാടുകളും പട്ടാള ഭരണാധികാരി ജനറൽ മുശർറഫുമായി നടത്തിയ സ്വകാര്യ ഇടപാടുകളും അവർക്ക് വിനയായി എന്ന വസ്തുത കാണാതിരുന്നുകൂടാ. രണ്ടു തവണ അവർ പാകിസ്താന്റെ പ്രധാനമന്ത്രിയായത് വിശ്വാസികളുടെ വോട്ട് നേടിക്കൊണ്ട് തന്നെയായിരുന്നില്ലേ? ബംഗ്ലാദേശിൽ ഹസീന വാജിദും ബീഗം ഖാലിദ സിയയും മാറിമാറി പ്രധാനമന്ത്രിമാരായതിന് എന്താണ് വ്യാഖ്യാനം? മറിച്ച് ജനാധിപത്യ ഇന്ത്യയിൽ ഇന്ദിരഗാന്ധിയല്ലാതെ ഏത് വനിതയാണ് പ്രധാനമന്ത്രിയായത്? അമേരിക്കയുടെ ചരിത്രത്തിൽ ആദ്യമായി ഒരു വനിത വൈറ്റ് ഹൗസിലെത്താൻ പെടുന്ന പാട് കാണുന്നില്ലേ? സ്ത്രീയുടെ പങ്കാളിത്തമല്ല സ്ത്രീയെ ഉപഭോഗവസ്തുവും വിൽപനച്ചരക്കുമാക്കുന്നതാണ് ഖിയാമ

ത്തിന്റെ അടയാളം. അതാണ് മതേതര ഭൗതിക വാദികൾ ചെയ്തുകൊണ്ടിരിക്കുന്നതും.

## കീഴടങ്ങിയവരുടെ രോദനം?

■ *'ആഗോളവൽക്കരണവും നവകൊളോണിയൽ ചൂഷണവും തീക്ഷ്ണമായതോടെ വളർന്നുവന്ന നവ സാമൂഹ്യ വൈരുധ്യങ്ങളെയും പ്രശ്നങ്ങളെയും മൂലധനാധിപത്യത്തിനെതിരായ സമരത്തിന്റെ ഭാഗമായി പരിഹാരം കാണേണ്ട വിഷയങ്ങളെന്ന നിലയിൽ സവിശേഷമായി പരിഗണിക്കേണ്ടതിന് പകരം മുതലാളിത്തവും സോഷ്യലിസവും ഒരുപോലെ പരിസ്ഥിതി, സ്ത്രീ, ദളിത് പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ പരാജയപ്പെട്ടിരിക്കുന്നുവെന്ന് വാദിച്ചുറപ്പിക്കുകയാണ് നവ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ പ്രമോട്ടർമാരായ മലയാള മാധ്യമങ്ങളിൽ പലതും......... നവ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ പുതിയ മിശിഹകളായി മാധ്യമങ്ങളിൽ നിറയുന്ന ബുദ്ധിജീവികൾക്കിന്ന് ഇടതുപക്ഷ യുവജന സംഘടനകളിലേക്കാൾ വിപ്ലവം ദർശിക്കാൻ കഴിയുന്നത് ഏഴാം നൂറ്റാണ്ടിലെ അറേബ്യൻ സാഹചര്യങ്ങളിൽ രൂപപ്പെട്ട ഇസ്‌ലാമിക വ്യവസ്ഥിതിക്കുവേണ്ടി പ്രവർത്തിക്കുന്ന സോളിഡാരിറ്റിയിലാണല്ലോ?*
*(കെ.ടി കുഞ്ഞിക്കണ്ണൻ, 'മാധ്യമങ്ങളുടെ അർഥശാസ്ത്രവും അരാഷ്ട്രീയവൽക്കരണവും.'* ദേശാഭിമാനി *വാരിക 2008 ജനുവരി 27).* മുജീബിന്റെ പ്രതികരണം?

**അബൂഅംന, കാളമ്പാടി, മലപ്പുറം**

**ആ**ഗോളീകരണത്തിന്റെ മറവിൽ നവകൊളോണിയൽ ശക്തികൾ അഴിച്ചുവിട്ട അധിനിവേശത്തിന്റെ ഭീകര പ്രത്യാഘാതങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തി ഉചിതമായി പ്രതികരിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ചൈനയടക്കമുള്ള കമ്യൂണിസ്റ്റ് രാജ്യങ്ങളും ഇന്ത്യയിലേതടക്കമുള്ള കമ്യൂണിസ്റ്റ് പാർട്ടികളും ദയനീയമായി പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വെനിസ്വേലയിലെ ഷാവേസ് മാത്രമാണ് ഇതിന്നപവാദം. അദ്ദേഹമാകട്ടെ മതമൗലികവാദ മുദ്രയുള്ള ഇറാനുമായി സഹകരിച്ചാണ് യാങ്കീ അധിനിവേശ വിഭ്രാന്തികളെ ചെറുക്കുന്നതും. ഇന്ത്യയിലും സോഷ്യലിസത്തോട് സത്യസന്ധമായ പ്രതിബദ്ധതയുള്ളവർ, പ്രാന്തവൽകൃത വിഭാഗങ്ങളോടും ഇരകളോടും ഒപ്പംനിന്ന് മൂലധനശക്തികളുടെ ലാഭേഛ മാത്രം ലാക്കാക്കിയുള്ള കടന്നുകയറ്റങ്ങളെ പ്രതിരോധിക്കുകയായിരുന്നു വേണ്ടത്. ചെയ്യുന്നതോ? വികസനത്തിന്റെ പേരിൽ കുത്തകകൾക്ക് ചുവപ്പ് പരവതാനി വിരിക്കുകയും. ഈ വൈരുധ്യത്തെ സോളിഡാരിറ്റി എന്ന ജനപക്ഷ ധാർമിക വിപ്ലവപ്രസ്ഥാനം ചൂണ്ടിക്കാട്ടുമ്പോഴാണ് ചിലരുടെ കഴുത്തുകൾ ഏഴാം നൂറ്റാണ്ടിലേക്ക് തിരിയുന്നത്. അധഃസ്ഥിതർക്കും നീതി നിഷേധിക്കപ്പെട്ടവർക്കും വേണ്ടിയുള്ള പോരാട്ടത്തിന് പ്രചോദനം ഏഴാം നൂറ്റാണ്ടിലെ മാനവിക മാതൃകയാണെങ്കിൽ അതിൽ അഭിമാനിക്കുകയല്ലാതെ തലകുനിക്കാൻ ഒരു കാരണവുമില്ല. സാഹചര്യങ്ങൾ അറേബ്യയിലേതോ യൂറോപ്പിലേതോ ഏഷ്യയിലേതോ ഏതായാലും വിവേചനരഹിതവും സാമൂഹിക നീതിയിലധിഷ്ഠിതവും സമത്വ പൂർണവുമായ ഒരു വ്യവസ്ഥിതിയുടെ നിർമാണം ഭൗതികമാത്ര മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളുടെ കഴിവിൽപെട്ടതല്ലെന്ന് തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. മൂന്നാർ മുതൽ എച്ച്.എം.ടി വരെ നീളുന്ന കപട മുഖംമൂടികൾ പിച്ചിച്ചീന്തുമ്പോൾ മാധ്യമങ്ങളെ പ്രതിക്കൂട്ടിൽ കയറ്റുന്നത് വൃഥാവ്യായാമമാണ്.

## വീണത് ചതിക്കുഴിയിൽ?

■ *പൊന്മുടി-മെർക്കിസ്റ്റൺ ഭൂമി വിവാദം, ആകാശത്തിലെ വനിതാ പീഡനം, കുരുവിള-ഭൂമി വിവാദം, പീഡിപ്പിക്കപ്പെട്ട് മരണത്തിന് കീഴടങ്ങിയ ശാരി-വി.ഐ.പി പ്രശ്നത്തിൽ സർക്കാരിന്റെ ഒളിച്ചുകളി, മാർട്ടിൻ-2കോടി ഹവാല, സി.പി.ഐക്ക് വഴങ്ങി മൂന്നാർ 'ഫെയിം' ഇടിച്ചു നിരത്തലിന്റെ തുടർ നടപടികളിൽനിന്നും തലയൂരൽ, വിലക്കയറ്റം, സ്ത്രീപീഡനം, കൊള്ള, കവർച്ച, ഉദ്യോഗസ്ഥ തലത്തിലെ അഴിമതി തുടങ്ങിയ വാർത്തകളാൽ വീർപ്പുമുട്ടുന്ന കേരളം......... ഈ ശ്രേണിയിലേക്ക് ഇനിയും ഒന്നും കടന്നുവരാതിരിക്കട്ടേയെന്നാണ് പ്രാർഥന. പ്രശ്ന കലുഷിതമായ ഈ മുന്നണിയെ അധികാരത്തിൽ അരിയിട്ട് വാഴിച്ചതിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിനുള്ള പങ്ക് സുവിദിതമാണല്ലോ. സാഹചര്യങ്ങളെ പഠനവിധേയമാക്കുമ്പോൾ, ഇത്തരം ചളിക്കളങ്ങളാലും, ചതിക്കുഴികളാലും നിറഞ്ഞ മലീമസ രാഷ്ട്രീയത്തിൽ, പ്രസ്ഥാനം ഇടപെടാതിരിക്കുകയല്ലേ നല്ലതെന്ന് ചിന്തിച്ചാൽ കുറ്റം പറയാനാകുമോ? നിശ്ശബ്ദ-സേവന-പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെയും, ആയതിന് കേരളീയ സമൂഹത്തിൽ ലഭിച്ച സദ്പ്രതികരണത്തിന്റെയും തിളങ്ങുന്ന മുൻകാല ചരിത്രവും പ്രസ്ഥാനത്തിനുണ്ട്.* മേൽ നിരീക്ഷണത്തോട് മുജീബിന്റെ പ്രതികരണം?

***കെ.എം.എ സിദ്ദീഖ്, കാസർകോട്***

ജനങ്ങളിൽ ഒരു വിഭാഗം കണക്കിലേറെ ദുഷിക്കുകയും ജനങ്ങൾക്ക് പീഡനവും ഭാരവുമായിത്തീരുകയും ചെയ്യുമ്പോൾ മറ്റൊരു വിഭാഗത്തെക്കൊണ്ട് അവരെ തട്ടിക്കളയുകയോ താഴെ ഇറക്കുകയോ ചെയ്യുക ദൈവിക നടപടിക്രമമാണെന്ന് ഖുർആൻ പറയുന്നു. രണ്ടാമത് വരുന്ന കൂട്ടർ കൂടുതൽ നല്ലവരോ നീതിമാന്മാരോ ആയിരിക്കണമെന്നില്ലെന്നും സൂറഃ *അൽ ഇസ്റാഇ*ന്റെ തുടക്കത്തിൽ ഇസ്രാഈല്യർക്ക് നേരിടേണ്ടി വന്ന രണ്ട് വൻ തിരിച്ചടികളെ പരാമർശിക്കവെ ഖുർആൻ ചൂണ്ടിക്കാട്ടുന്നുണ്ട്. വീടുകളും ദേവാലയങ്ങളുമടക്കം കയറിപ്പിടിച്ചു തകർത്തവരായിരുന്നു ഇസ്രാഈല്യരുടെ അന്തകർ.

കേരളം വാണ യു.ഡി.എഫുകാർ തമ്മിൽതല്ലും പിടിപ്പുകേടും അഴിമതിയും അധാർമികതയുമായി രംഗം പാടെ വഷളാക്കിയപ്പോഴാണ് ചില നിലപാടുകളുടെ അടിസ്ഥാനത്തിൽ എൽ.ഡി.എഫിനെ ഇസ്‌ലാമിക പ്രസ്ഥാനം പിന്തുണച്ചത്. ഈ പിന്തുണകൊണ്ട് മാത്രമല്ല ഇടതുമുന്നണി വൻ വിജയം നേടിയത്. മൊത്തം സമൂഹം യു.ഡി.എഫിനെ കൈവിടുകയായിരുന്നു. ധാർമികാടിത്തറ നഷ്ടമായ രണ്ടു മുന്നണികളെ മാറിമാറി അധികാരത്തിലേറ്റേണ്ട സാഹചര്യം ചതിക്കുഴിയുടെ പ്രശ്നമല്ല, നിസ്സഹായാവസ്ഥയാണ്. ഇതിന് പരിഹാരം രംഗം വിട്ടോടുകയല്ല, ധാർമികതയുടെ ശക്തമായ അടിത്തറയിൽ നിലയുറപ്പിച്ച് കരുത്തുറ്റ തിരുത്തൽ ശക്തിയായി മാറുകയും വളരുകയുമാണ്. ചെളിപുരളാതെയും ശരമേൽക്കാതെയും ഇത് സാധ്യമല്ല. മദീനയിലെത്തിയ പ്രവാചക ശ്രേഷ്ഠൻ ആദ്യമായി ചെയ്തത് യഹൂദരുമായി സമാധാനക്കരാറിൽ ഏർപ്പെടുകയായിരുന്നു. പക്ഷേ, അവർ കാലുമാറി. ഹുദൈബിയയിൽ തിരുമേനി മുശ്‌രിക്കുകളുമായി ഉടമ്പടി ഒപ്പുവെച്ചു. അവരും കരാർ ലംഘിച്ചു. ഇതിന്റെ അർഥം ചതിക്കപ്പെടുമെന്ന് പേടിച്ച് ആരുമായും ഒരുകാലത്തും ധാരണയിലേർപ്പെടരുത് എന്നാണോ? കൊണ്ടും കൊടുത്തും പഠിച്ചും തിരുത്തിയും കൊണ്ടേ സാമൂഹിക പ്രതിബദ്ധതയുള്ള ഏത് പ്രസ്ഥാനത്തിനും മുന്നോട്ടു നീങ്ങാനാവൂ. ■